## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

### 100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യുന്നതിന് പ്രോജക്ട്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3203

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, റ്റി. വി. രാജേഷ്<br>,, കെ. വി. വിജയദാസ്<br>,, കെ. കെ. ജയചന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനത്തെ നടത്തിപ്പിന്റെ ആസൂത്രണം ഭൗതിക-സാമ്പത്തിക നിർവ്വഹണം, സാമ്പത്തിക പരിപാലനം, ജോലി തെരഞ്ഞെടുക്കൽ, നിക്ഷേപ പ്രയോജനം തുടങ്ങിയ കാര്യങ്ങൾ വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ ഒന്നാം ഘട്ട ജില്ലകളായ പാലക്കാട്, വയനാട് ജില്ലകളിലെ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച സമഗ്രമായ വിലയിരുത്തലും പഠനവും നടത്തുന്നതിന്, കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ റൂറൽ മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ്, ബോംബെയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്നീ സ്ഥാപനങ്ങൾ ഒന്നും രണ്ടുംഘട്ട ജില്ലകളായ പാലക്കാട്, വയനാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിലെ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് പാലക്കാട്, വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ചും പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്നാംഘട്ട ജില്ലകളിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിവിധ ഏജൻസികളെ, നിലവിൽ, ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ആകെ ചെലവിൽ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; പദ്ധതിയിലൂടെ സ്ഥിരം ആസ്തികൾ സൃഷ്ടിക്കാൻ സാധ്യമായിട്ടുണ്ടോ; | (ബി) | കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരണമായി മതിയായ സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്. ഉല്പാദനോന്മുഖമായ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുവാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. |
| (സി) | മിനിമം 100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യാവുന്ന നിലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും പ്രോജക്ടുകൾ മുൻകൂട്ടി തയ്യാറാക്കുന്നുണ്ടോ; ബന്ധപ്പെട്ട രേഖകൾ എല്ലാം ശരിയായ നിലയിൽ പരിപാലിക്കുന്നുണ്ടോ; ഇത് നിർവ്വഹിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ആവശ്യാധിഷ്ഠിതമായി മതിയായ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ ഷെൽഫ് ഓഫ് പ്രോജക്ട്സ് ഗ്രാമപഞ്ചായത്തുകൾ മുൻകൂട്ടി തയ്യാറാക്കുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മതിയായ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ പരിപാലിച്ച് വരുന്നുണ്ട്. ഇക്കാര്യത്തിൽ മന:പൂർവ്വം വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുള്ളവർക്കെതിരെ ഉചിതമായ വകുപ്പ്തല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സങ്കട പരിഹാരത്തിനും സോഷ്യൽ ഓഡിറ്റിനും മുൻഗണന നല്കുന്നുണ്ടോ? | (ഡി) | ഉണ്ട്. |

Shereefa (signature)

സെക്ഷൻ ഓഫീസർ